**കേരള സർക്കാർ**

**ധനകാര്യ (പെൻഷൻ-ബി) വകുപ്പ്**

**പരിപത്രം**

**നം.57/2021/ധന** **തീയതി, തിരുവനന്തപുരം, 19.07.2021**

വിഷയം :- പതിനൊന്നാം പെൻഷൻ പരിഷ്കരണം - സമ്മതപത്രം ഓൺലൈൻ ആയി സമർപ്പിക്കുന്നതും പെൻഷൻ കുടിശ്ശികയുടെ മൂന്ന്, നാല് ഗഡുക്കൾ അനുവദിക്കുന്നതും സംബന്ധിച്ച് പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :-
1) 12/02/2021 തീയതിയിലെ സ.ഉ [അച്ചടി] നം.30/2021/ധന.
2) 23/02/2021 തീയതിയിലെ സ.ഉ [അച്ചടി] നം.35/2021/ധന.
3) 19/03/2021 തീയതിയിലെ പരിപത്രം നം.27/2021/ധന.
4) 27/03/2021 തീയതിയിലെ പരിപത്രം നം.30/2021/ധന.
5) 02/07/2021 തീയതിയിലെ പരിപത്രം നം.50/2021/ധന.
6) ട്രഷറി ഡയറക്ടറുടെ 13/07/2021 തീയതിയിലെ TRY/3594/2020-P2 നമ്പർ കത്ത്.

സൂചന ഉത്തരവുകൾ പ്രകാരം സംസ്ഥാന സർക്കാർ സർവീസിൽ നിന്നും വിരമിച്ച സർവ്വീസ് / എക്സ്-ഗ്രേഷ്യ / പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർ / കുടുംബ പെൻഷൻകാർ എന്നിവരുടെ പെൻഷൻ / കുടുംബ പെൻഷൻ പരിഷ്കരണം നടപ്പിലാക്കുകയും, 01/04/2021 മുതൽ പുതുക്കിയ നിരക്കിലുള്ള പെൻഷൻ വിതരണം ചെയ്യണം എന്നും പെൻഷൻ കുടിശ്ശിക നാല് തുല്യ ഗഡുക്കളായി ഏപ്രിൽ 2021, മെയ് 2021, ഓഗസ്റ്റ് 2021, നവംബർ 2021 എന്നീ മാസങ്ങളിൽ വിതരണം ചെയ്യണമെന്നും വ്യവസ്ഥ ചെയ്തിരുന്നു.

2) സൂചന ഉത്തരവുകളുടെ അനുബന്ധമായി ചേർത്തിരുന്ന അപേക്ഷ ഫോമിൽ പെൻഷൻകാർ സമർപ്പിക്കേണ്ടുന്ന വിവരങ്ങളോടൊപ്പം റിവിഷൻ ഇനത്തിൽ അധികമായി എന്തെങ്കിലും തുക കൈപ്പറ്റുന്ന സാഹചര്യം ഉണ്ടായാൽ ആയത് പെൻഷനിൽ നിന്നോ ക്ഷാമബത്തയിൽ നിന്നോ ക്ഷാമബത്ത കുടിശ്ശികയിൽ നിന്നോ ഈടാക്കുന്നതിനുള്ള ഒരു സമ്മതപത്രം കൂടി ഉൾപ്പെടുത്തിയിരുന്നു. എന്നാൽ സംസ്ഥാനത്ത് നിലനിൽക്കുന്ന കോവിഡ് 19 മഹാമാരിയുടെ വ്യാപനം കണക്കിലെടുത്ത് 01/07/2019-ന് മുൻപ് വിരമിച്ച എല്ലാ ഉദ്യോഗസ്ഥരും 30/06/2021-ന് മുൻപായി തന്നെ സത്യവാങ്മൂലം ഫിസിക്കലായോ ഓൺലൈനായോ ട്രഷറിയിൽ സമർപ്പിക്കേണ്ടതാണെന്നും, ഇത്തരത്തിൽ 30/06/2021-ന് മുൻപ് സത്യവാങ്മൂലം സമർപ്പിക്കാത്ത പെൻഷൻകാരുടെ മൂന്നാമത് ഗഡു മുതലുള്ള കുടിശ്ശിക വിതരണം താത്കാലികമായി നിർത്തി വയ്ക്കാവുന്നതാണെന്നും സൂചന (3) പരിപത്രം മുഖേന ട്രഷറിക്ക് നിർദ്ദേശം നൽകിയിരുന്നു.

3) സംസ്ഥാനത്ത് ഇപ്പോൾ കോവിഡ് വ്യാപനം വളരെ രൂക്ഷമായിരിക്കുന്ന സാഹചര്യത്തിൽ ഭൂരിപക്ഷം പെൻഷൻകാർക്കും നാളിതുവരെ മേൽസൂചിപ്പിച്ച സത്യവാങ്മൂലം [നേരിട്ടോ ഓൺലൈനായോ] സമർപ്പിക്കാൻ സാധിച്ചിട്ടില്ലായെന്ന് പല പെൻഷൻ സംഘടനകളും സൂചന കത്ത് മുഖേന ട്രഷറി ഡയറക്ടറും സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കൂടാതെ പെൻഷൻ പരിഷ്കരണവുമായി ബന്ധപ്പെട്ട സത്യവാങ്മൂലം ഓൺലൈൻ ആയി സമർപ്പിക്കുന്നതിനായുള്ള സജ്ജീകരണങ്ങൾ Kerala Pensioner's Portal (www.pension.treasury.kerala.gov.in) വഴിയും ഏർപ്പെടുത്തിയിട്ടുണ്ടെന്ന് സൂചന കത്ത് മുഖേന ട്രഷറി ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ചുവടെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി സൂചന (3) പരിപത്രം ഭേദഗതി ചെയ്ത് പുതുക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. പെൻഷൻ പരിഷ്കരണത്തിനോടനുബന്ധിച്ചുള്ള സത്യവാങ്മൂലം സമർപ്പിക്കാനുള്ള അവസാന തീയതി സെപ്റ്റംബർ 30 വരെ നീട്ടി നൽകുന്നു.
2. സത്യവാങ്മൂലം സമർപ്പിക്കാതെ തന്നെ പെൻഷൻ കുടിശ്ശികയുടെ മൂന്നാമത്തെ ഗഡു ഓഗസ്റ്റ് മാസം വിതരണം ചെയ്യേണ്ടതാണ്.
3. 30/09/2021-ന് മുൻപ് സത്യവാങ്മൂലം സമർപ്പിക്കാത്ത പെൻഷൻകാരുടെ നാലാമത് ഗഡു പെൻഷൻ കുടിശ്ശിക വിതരണം താത്കാലികമായി നിർത്തി വയ്ക്കാവുന്നതാണ്. സത്യവാങ്മൂലം സമർപ്പിക്കാത്ത പക്ഷം അതത് മാസത്തെ പെൻഷൻ വിതരണം തടയേണ്ടതില്ല. എന്നാൽ 01/10/2021 ന് ശേഷം സത്യവാങ്മൂലം ലഭിക്കുന്ന കേസുകളിൽ, നാലാമത് ഗഡു പെൻഷൻ കുടിശ്ശിക സത്യവാങ്മൂലം ട്രഷറിയിൽ ലഭിച്ച് 30 ദിവസത്തിനകം വിതരണം ചെയ്യേണ്ടതാണ്.
4. പെൻഷൻ പരിഷ്കരണവുമായി ബന്ധപ്പെട്ട് സമർപ്പിക്കേണ്ട സത്യവാങ്മൂലം www.prismplus.kerala.gov.in, www.pension.treasury.kerala.gov.in (Kerala Pensioner's Portal ➡ Declaration), എന്നീ വെബ്സൈറ്റുകൾ വഴി സമർപ്പിക്കാവുന്നതാണ്.

5) സൂചനയിലെ പരിപത്രങ്ങൾ മേൽഭേദഗതികളോടെ നിലകൊള്ളുന്നതാണ്.

**എ. ഷിബു**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

പകർപ്പ് - പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ [എ & ഇ] കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ [ഓഡിറ്റ് II] കേരളം, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ ട്രഷറികൾ, സബ് ട്രഷറികൾ
സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റർ പ്രിസം [info.fin@kerala.gov.in]
നോഡൽ ഓഫീസർ [www.finance.kerala.gov.in]
ഓഫീസ് പകർപ്പ് / സൂക്ഷിപ്പ് ഫയൽ [PEN-B1/27/2020-FIN (e-1649874)]

ഉത്തരവിൻ പ്രകാരം

**അക്കൗണ്ട്സ് ഓഫീസർ**

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (ഇ) വകുപ്പ്

<u>നടപടിതീർപ്പ്</u>

<u>(ഹാജർ: എസ്.ഹരികിഷോർ. ഐ.എ.എസ്.)</u>

---

ഉത്തരവ് നം.ഇ3/191/2018/ഐ&പി.ആർഡി തീയതി തിരുവനന്തപുരം (10/08/2021),

വിഷയം:- ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - ഓൺലൈൻ ന്യൂസ് പോർട്ടലിലേയ്ക്ക് ദിവസവേതനാടിസ്ഥാനത്തിൽ നിയമിതനായ ഓഫീസ് അറ്റൻഡന്റ് ശ്രീ. പ്രശാന്ത്. എസ്.പി. ക്ക് 2021 മാർച്ച്, ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ മ ാസങ്ങളിലെ വേതനം അനുവദിച്ച്- ഉത്തരവാകുന്നു.

സൂചന: - 1) 30.12.2020-ലെ ഇതേ നമ്പർ നടപടിതീർപ്പ്.

2) 11.02.2021-ലെ സ.ഉ. (അച്ചടി) നം. 29/2021/ധന നമ്പർ ഉത്തരവ്

3) 31.05.2021-ലെ സ.ഉ (സാധാ) നം.85/2021/ഐ&പി.ആർഡി നമ്പർ ഉത്തരവ്.

4) 21.07.2021-ലെ ഇതേ നമ്പർ നടപടിതീർപ്പ്

5) 02.08.2021-ലെ വെബ് & ന്യൂ മീഡിയ വിഭാഗം ഇൻഫർമേഷൻ ഓഫീസറുടെ കുറിപ്പ്.

<u>ഉത്തരവ്</u>

വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ ഓൺലൈൻ ന്യൂസ് പോർട്ടലിൽ ദിവസവേതനാടിസ്ഥാനത്തിൽ ശ്രീ. പ്രശാന്ത് എസ്.പി.യെ 2020 ഒക്ടോബർ മാസം 1 മുതൽ 179 ദിവസത്തിൽ അധികരിക്കാത്ത കാലയളവിൽ ഓഫീസ് അറ്റൻഡന്റായി സൂചന (1) പ്രകാരം ദിവസവേതനാടിസ്ഥാനത്തിൽ നിയമിച്ച് ഉത്തരവായിരുന്നു. ടി കാലയളവ് 28-03-2021-ൽ പൂർത്തിയായതിനെ തുടർന്ന് 2021 മാർച്ച് 31 മുതൽ 179 ദിവസത്തിൽ അധികരിക്കാത്ത കാലയളവിൽ ഓഫീസ് അറ്റൻഡന്റായി സൂചന (4)-ലെ ഉത്തരവ് പ്രകാരം പുനർ നിയമിച്ച് ഉത്തരവായിട്ടുണ്ട്. ഓഫീസ് അറ്റൻഡന്റിന്റെ വേതനം സൂചന (2) ലെ ഉത്തരവ് പ്രകാരം പ്രതിദിനം 675/- രൂപ (പരമാവധി 18,225/- രൂപ) എന്ന നിരക്കിൽ പുതുക്കി നിർണ്ണയിച്ചിട്ടുണ്ട്. 'പ്രിസം' പദ്ധതിയുമായി ബന്ധപ്പെട്ട 2021-22 സാമ്പത്തിക വർഷത്തെ പ്രവർത്തനങ്ങൾക്ക് തുക ചെലവഴിക്കുന്നതിന് സൂചന (3) പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. 2021 മാർച്ച് മാസം 25 ദിവസങ്ങളിലും, 2021 ഏപ്രിൽ മാസം 26 ദിവസങ്ങളിലും, 2021 മെയ് മാസം 27 ദിവസങ്ങളിലും, 2021 ജൂൺ മാസം 27 ദിവസങ്ങളിലും, 2021 ജൂലൈ മാസം 27 ദിവസങ്ങളിലും ശ്രീ. പ്രശാന്ത്. എസ്.പി. ജോലിയ്ക്ക് ഹാജരായിട്ടുള്ളതായി സൂചന (5) പ്രകാരം അറ്റൻഡൻസ് സ്റ്റേറ്റ്മെന്റ് സഹിതമുള്ള കുറിപ്പിൽ ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ) അറിയിച്ചിട്ടുണ്ട്.

2 . ഇക്കാര്യം പരിശോധിച്ച്. 2021 മാർച്ച് മാസത്തിലെ വേതനമായ (25x675) 16,875/- രൂപ, 2021 ഏപ്രിൽ മാസത്തിലെ വേതനമായ (26x675) 17,550/-രൂപ, 2021 മെയ് മാസത്തിലെ വേതനമായ (27x675) 18,225/- രൂപ, 2021 ജൂൺ മാസത്തിലെ വേതനമായ (27x675) 18,225/- രൂപ, 2021 ജൂലൈ മാസത്തിലെ വേതനമായ (27x675) 18,225/- രൂപ എന്നിവ ഉൾപ്പെടെ ആകെ വേതനമായ 89,100/ - രൂപ (എൺപത്തി ഒമ്പതിനായിരത്തി ഒരുനൂറ് രൂപ മാത്രം) "2220-01-001-95-സംയോജിത വികസിത വാർത്താ പ്രചരണി" എന്ന ശീർഷകത്തിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

3 . പ്രസ്തുത തുക ടിയാന്റെ ബാങ്ക് അക്കൗണ്ട് നമ്പരിൽ (A/c. No. 5842101001586, IFSC Code - CNRB 0005842, Mob. No. 9495202373) ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

S Harikishore Ias
Director

പ്രശാന്ത് എസ്.പി, [ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ) മുഖേന

ഡെപ്യൂട്ടി ഡയറക്ടർ (എം.ആർ)

ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂ മീഡിയ)

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം.

സബ് ട്രഷറി ഓഫീസർ, സെക്രട്ടേറിയറ്റ് സബ് ട്രഷറി, തിരുവനന്തപുരം.

ഐ&പി.ആർ (ബി) വകുപ്പ് (3 കോപ്പി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.